"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2014-15 മുതൽ 2018-19 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശം- മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1484/2026/LSGD തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. സീനിയർ ഓഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തൃശ്ശൂരിന്റെ 04.10.2019-ലെ LBA(HQ)III/III/8A-05/2019-2020/366 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022 ലെ PAN/4350/2022-M3(DP) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II-ലെ ഖണ്ഡിക III(iv) ൽ ഡി.പി.സി അംഗീകാരം നേടി 2015-16, 2016-17 ,2017-18 വർഷങ്ങളിലായി 20 പ്രവർത്തികൾക്കായി 45,00,835 രൂപയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച നടപടി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം തേടികൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശിപാർശയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

കുടിവെള്ളം , ശുചിത്വം , മാലിന്യ സംസ്കരണം , സാമൂഹ്യ ആസ്തി സംരക്ഷണം , റോഡുകളുടെ സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾക്ക് ആവശ്യമായ തുക വകയിരുത്തി ചെലവഴിച്ചതായും അവശേഷിക്കുന്ന തുകയാണ് ഓഡിറ്റിൽ പരാമർശിക്കുന്ന പ്രോജക്ടുകൾക്ക് വിനിയോഗിച്ചതെന്നും പ്രസ്തുത പ്രോജക്ടുകൾ പൂർണ്ണമായും സദുദ്ദേശത്തോടു കൂടി നടപ്പിലാക്കിയിട്ടുള്ളതും അതിന്റെ ഫലം സാധാരണക്കാരായ ഗ്രാമീണ ജനതയ്ക്ക് ലഭ്യമായിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. വികസന ഫണ്ട് നിർബന്ധിത മേഖലകൾക്ക് വകയിരുത്തിയാൽ മറ്റ് പദ്ധതികൾക്ക് ഫണ്ട് ലഭ്യമാകാത്തതിനാലും തനത് ഫണ്ട് ദൈനംദിന കാര്യങ്ങൾക്ക് പോലും തികയാത്ത സാഹചര്യത്തിലുമാണ് ധനകാര്യ കമ്മീഷന്റെ ഫണ്ട് വിനിയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ ധന ദുർവിനിയോഗമോ നഷ്ടമോ സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടില്ലാത്തതിനാലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ പദ്ധതികൾ നടപ്പിലാക്കാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശത്തോടു കൂടി 2015-16, 2016-17 ,2017-18 വർഷങ്ങളിലായി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി 20 പ്രവർത്തികൾക്കായി 45,00,835 രൂപയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ.
സെക്രട്ടറി, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ സെക്ഷൻ പകർപ്പ്

ഉത്തരവിൻ പ്രകാരം
Digitally signed by
Jayakrishnan. K
Date: 10-08-2026
14:53:08
സെക്ഷൻ ഓഫീസർ